# കേരളസർവകലാശാല

നം.പി.ആർ.275/2022

## പത്രക്കുറിപ്പ്

### പരീക്ഷാ ഫലം

കേരളസർവകലാശാല 2022 സെപ്റ്റംബർ മാസം നടത്തിയ എം.എസ്.സി അപ്ലൈഡ് സൈക്കോളജി, എം.എ മലയാളം ലാംഗേജ് ആൻഡ് ലിറ്ററേച്ചർ 2020–2022 ബാച്ച് (സി.എസ്.എസ്) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

### പരീക്ഷാ കേന്ദ്രം

കേരളസർവകലാശാല 2023 ജനുവരി 5 മുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ (വിദൂര വിദ്യാഭ്യാസം) ബി.എൽ.ഐ.എസ്.സി പരീക്ഷകൾക്ക് ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്, ശ്രീകാര്യം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ കാര്യവട്ടം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്. മറ്റു പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല നടത്തുന്ന ഒന്നും രണ്ടും മൂന്നും വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് /ബി.സി.എ 2001 സ്കീം (2010 മുതൽ 2012 അഡ്മിഷൻ) ആൻഡ് 2013 സ്കീം (2013 ആൻഡ് 2014 അഡ്മിഷൻ) ഡിഗ്രി മെഴ്സി ചാൻസ് വിദൂരവിദ്യാഭ്യാസം പരീക്ഷകൾക്ക് (ആന്വൽ) പിഴ കൂടാതെ ജനുവരി 13 വരെയും 150 രൂപ പിഴയോടെ ജനുവരി 18 വരെയും 400 രൂപ പിഴയോടെ ജനുവരി 20 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.പി .എ (വയലിൻ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 23 മുതൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

### വൈവാവോസി

കേരളസർവകലാശാല പാർട്ട് III ബി.എ ഇംഗ്ലീഷ് ലാംഗേജ് ആൻഡ് ലിറ്ററേച്ചർ ആനുവൽ സ്കീം ഏപ്രിൽ 2022 സെഷൻ (സപ്ലിമെൻററി) ഡിഗ്രി പരീക്ഷ ഓഗസ്റ്റ് 2022 നടത്തിയ പരീക്ഷയുടെ വൈവാവോസി ജനുവരി അഞ്ചിന് നടത്തുന്നതാണ്.വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം,
27.12.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**